# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## വിവാഹം കെട്ടുകഥയല്ലെന്ന് ഫ്രാൻസിസ് പാപ്പ



സെന്റ് പീറ്റേഴ്സ് ബസലിക്കയിൽവച്ച് റോമിൽനിന്നുള്ള ഇരുപത് യുവതീയുവാക്കൾ ഫ്രാൻസീസ്പാപ്പായുടെ സാന്നിദ്ധ്യത്തിൽ വിവാഹിതരായി. വിശുദ്ധകുരിശിന്റെ മഹത്വ വത്ക്കരണത്തിന്റെ ഓർമ്മത്തിരുനാളും ഈയവസരത്തിൽ ആഘോഷിച്ചു.

വിവാഹമെന്നത് സാങ്കൽപികമായ ഒന്നല്ല. ക്രിസ്തുവിന്റെ സ്നേഹം പരിപാലിക്ക പ്പെടുന്നത് ദമ്പതികളിലൂടെയാണ് എന്നീ വാക്കുകളാണ് വിവാഹത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് വ്യക്തമാക്കാൻ പാപ്പാ ഉപയോഗിച്ചത്.

വിവാഹജീവിതത്തിന്റെയും ദാമ്പത്യജീവിതത്തിന്റെയും ക്ലേശങ്ങളിൽ അക്ഷമനാ യിരിക്കുന്ന കുടുംബത്തിനോടും ഭർത്താക്കൻമാരോടും ഫ്രാൻസിസ് പാപ്പാ പറയുന്നത് ഇപ്രകാരമാണ്. ഈ യാത്രയുടെ കഷ്ടപ്പാടുകൾ ആന്തരികമായ ആലസ്യത്തിനും വിവാഹജീവിതത്തിന്റെ നല്ല അന്തരീക്ഷം നഷ്ടമാകുന്നതിനും കാരണമാകുന്നു. ഇതുവഴി വിശുദ്ധ കുർബാനയിലൂടെ ലഭിക്കുന്ന ജീവജലം ഇല്ലാതാകുന്നു. ദൈനംദിന ജീവിതം മടുപ്പുള്ളതാകുന്നു. ദമ്പതികൾ പ്രത്യാശയില്ലായ്മ, അവിശ്വാസം, ദുർബലത, കയ്യൊഴിയൽ എന്നീ വികാരങ്ങൾക്കു കീഴടങ്ങുന്നു. എന്നാൽ ക്രിസ്തുവിന്റെ സ്നേഹം ദമ്പതികളെ ജീവിതത്തിൽ ഒരുമിച്ചു യാത്ര ചെയ്യാൻ പ്രാപ്തരാക്കുന്നു. ഓരോ സ്ത്രീയും പുരുഷനും ഒരുമിച്ചായിരിക്കുമ്പോൾ എല്ലായ്പ്പോഴും പൂർണ്ണമായ ഒരു സ്ത്രീയായിരിക്കാൻ തന്റെ ഭാര്യയെ പുരുഷൻ സഹായിക്കുകയും എപ്പോഴും പൂർണ്ണമായ ഒരു പുരുഷനായിരിക്കാൻ തന്റെ ഭർത്താവിനെ സ്ത്രീ സഹായിക്കുകയും ചെയ്യുന്നു.

വിവാഹം എന്നത് നിബന്ധനകളിൽ അധിഷ്ഠിതമായ ഒരു യാത്രയാണെന്നും അത് സങ്കൽപ്പമല്ലെന്നും ഫ്രാൻസിസ്പാപ്പാ ഉറപ്പിച്ചു പറയുന്നു. സഭയുടെയും ക്രിസ്തുവി ന്റെയും സ്നേഹത്തിന്റെ വിശുദ്ധബലിയാണ് വിവാഹമെന്നും, ഈ സ്നേഹത്തിന്റെ തെളിവും പൂർത്തീകരണവും കുരിശിൽ നമുക്ക് കാണാൻ സാധിക്കുമെന്നും പാപ്പാ കൂട്ടിച്ചേർക്കുന്നു. പരസ്പരമുള്ള അഭിപ്രായവ്യത്യാസങ്ങൾ അന്നത്തെ ദിവസംതന്നെ പറഞ്ഞവസാനിപ്പിക്കണമെന്ന ഉപദേശം നൽകിയാണ് പാപ്പാ ദിവ്യബലി അവസാനി പ്പിച്ചത്.